## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

15/03/2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3568

### സിൽക്ക് റീലിംഗ് യൂണിറ്റ്

ചോദ്യം
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ഉത്തരം
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ മയിലാട്ടി, ആലപ്പുഴയിലെ പട്ടണക്കാട് എന്നിവിടങ്ങളിലെ സിൽക്ക് റീലിംഗ് യൂണിറ്റിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ മയിലാട്ടിയിൽ നിലവിൽ 17 തൊഴിലാളികളും ആലപ്പുഴയിലെ പട്ടണക്കാട്ടിൽ 23 തൊഴിലാളികളുമുണ്ട്. |
| (ബി) | ഇവർ സ്ഥിരം മാസ ശമ്പളക്കാരാണോ അതോ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണോ എന്ന് വ്യക്തമാക്കാമോ; എത്ര കാലമായി ഇവർ ജോലിചെയ്തുവരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | ദിവസവേതനക്കാരാണ്. 25 വർഷമായി ജോലി ചെയ്തു വരുന്നു. |
| (സി) | ഇവർക്ക് കൃത്യമായി വേതനം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എത്ര മാസത്തെ വേതനം കുടിശ്ശികയായിട്ടുണ്ടെന്ന് തുക സഹിതം വ്യക്തമാക്കാമോ; | (സി) | ഇല്ല. പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 02/2016 മുതൽ 28/2/2018 വരെ ഖാദി ബോർഡിൽ നിന്ന് സെറിഫെഡ് ഏറ്റെടുത്തതിനു ശേഷം വേതനം കുടിശ്ശികയാണ്. ദിവസവേതന കുടിശ്ശിക 28,55,000/- രൂപയാണ്. മയിലാട്ടി സിൽക്ക് റീലിംഗ് യൂണിറ്റിലെ തൊഴിലാളികൾക്ക് 2016 ഏപ്രിൽ മുതൽ 28/2/2018 വരെ 19,95,000/- രൂപ കുടിശ്ശികയാണ്. |
| (ഡി) | ഈ യൂണിറ്റിലെ തൊഴിലാളികൾ ഈയടുത്ത കാലത്ത് സെക്രട്ടേറിയറ്റ് നടയിൽ സമരം ചെയ്തിരുന്നോ എന്നും | (ഡി) & | ഈ യൂണിറ്റിലെ തൊഴിലാളികൾ സെക്രട്ടേറിയറ്റ് നടയിൽ സമരം ചെയ്യുകയും സർക്കാർ സമര |

| | | | |
|---|---|---|---|
| (ഇ) | സമരത്തിൽ സർക്കാർ ഇടപെട്ടോ എന്നും വ്യക്തമാക്കാമോ;<br><br>സർക്കാരിന്റെ ഇടപെടൽ മൂലമാണ് സമരം പിൻവലിച്ചതെങ്കിൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ എന്തായിരുന്നുവെന്ന് വ്യക്ത മാക്കാമോ; | (ഇ) | ക്കാരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.<br><br>തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ വരുത്തുന്നതിന് പട്ടണക്കാട്, ഉദുമ എന്നിവിടങ്ങളിലെ കെട്ടിടവും സൗകര്യവും ഉപയോഗപ്പെടുത്തി ഖാദി ഉല്പാദന കേന്ദ്രങ്ങൾ ആരംഭിച്ച് ഖാദി തൊഴിലാളികൾക്ക് അനുവദനീയമായ വേതനത്തിൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വേതന കുടിശ്ശികയുടെ കാര്യത്തിൽ ധനകാര്യ വകുപ്പുമായി ആലോചിച്ച് ഘട്ടം ഘട്ടമായി പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ? | (എഫ്) | പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പട്ടണക്കാട്, ഉദുമ റീലിംഗ് സെന്ററിലെ തൊഴിലാളികളുമായി ബഹു.വ്യവസായ വകുപ്പ മന്ത്രിയുടെ നിയമസഭയിലെ ഓഫീസിൽ വച്ച് 25/01/2018 ൽ നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

പട്ടണക്കാട്, ഉദുമ റീലിംഗ് സെന്ററിലെ തൊഴിലാളികളുമായി ബഹു.വ്യവസായ വകുപ്പ മന്ത്രി നടത്തിയ ചർച്ച 2 മണിക്ക് ആരംഭിച്ചു. യോഗത്തിൽ ഭക്ഷ്യ വകുപ്പ മന്ത്രി ശ്രീ.പി.തിലോത്തമൻ, ശ്രീ.ആരിഫ് എം.എൽ.എ എന്നിവർ സംബന്ധിച്ചു.

സെറിഫെഡിലെ തൊഴിലാളികളുടെ നിലവിലെ സ്ഥിതി യോഗം വിലയിരുത്തി. തൊഴിലാളി പ്രതിനിധികൾ അവരുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിച്ചു. തൊഴിലാളികളിൽ കൂടുതൽ പേരും 50 വയസ്സ് കഴിഞ്ഞവരാണെന്നും ഖാദി തൊഴിൽ ചെയ്യാൻ ആരോഗ്യ സ്ഥിതി അനുവദിക്കാത്ത ഒരു അവസ്ഥ ഉണ്ടെന്നും തൊഴിലാളികൾ അറിയിച്ചു. തൊഴിൽ സ്ഥിരത ഉറപ്പ വരുത്തണമെന്നും ശമ്പളകുടിശ്ശിക നൽകണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.

യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. തൊഴിലാളികളുടെ വേതന കുടിശ്ശികയും, മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് പ്രത്യേക പാക്കേജ് ധനകാര്യ വകുപ്പമായി ആലോചിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
2. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ വരുത്തുന്നതിന് പട്ടണക്കാട്, ഉദുമ എന്നിവിടങ്ങളിലെ കെട്ടിടവും സൗകര്യവും ഉപയോഗപ്പെടുത്തി ഖാദി ഉല്പാദന കേന്ദ്രങ്ങൾ ആരംഭിച്ച് ഖാദി തൊഴിലാളികൾക്ക് അനുവദനീയമായി വേതനത്തിൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സമരത്തിൽ നിന്നും പിൻമാറണമെന്ന് ബഹു.മന്ത്രി തൊഴിലാളി പ്രതിനിധികളോട് ആവശ്യപ്പെട്ടു.

യോഗം 3.00 മണിക്ക് അവസാനിച്ചു.

# <u>യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീ.കെ.സുധിർ, ഡയറക്ടർ (കൈത്തറി)
2. ശ്രീ.കൃഷ്ണകുമാർ.റ്റി.വി. സെക്രട്ടറി , കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്
3. ശ്രീമതി.നിസാബീവി.പി.എച്ച്
4. ശ്രീമതി.സുശീല.പി
5. ശ്രീമതി.പത്മിനി.സി
6. ശ്രീമതി.പ്രമീള.എൽ